## 34

# “അവർ അവനെ ക്രൂശിച്ചു”

## (19:1- 42)

എല്ലാ കാലത്തിലും ഉണ്ടായിട്ടുള്ളവയിൽ വെച്ചു ഏറ്റവും വലിയ പ്രേമകഥ എന്താണ്? ചിലർ വിചാരിക്കും പ്രേമകഥകളായ സിൻഡ്രല്ല യോ, സ്ലീപിങ്ങ് ബ്യൂട്ടിയോ, അല്ലെങ്കിൽ സ്നോവൈറ്റോ ആയിരിക്കും എന്ന്. അവയിൽ ഓരോന്നിലും സുന്ദരിയും സുശീലയുമായ ഒരു സ്ത്രീയെ, സുന്ദരനും, ഉത്തമനുമായ ഒരു രാജകുമാരൻ സാഹസ ത്തിലൂടെ രക്ഷിച്ചു, അവർ പിന്നെ “സന്തോഷത്തോടെ എന്നും ജീവി ക്കും.” അല്ലെങ്കിൽ നിങ്ങളുടെ മനസ്സു ഒരു പക്ഷെ കൂടുതൽ പക്വ മായ *റോമിയോയും ജൂലിയറ്റും* അല്ലെങ്കിൽ *ഗോൺ വിത്ത് ദ വിൻഡ്* പോലെ ആയിരിക്കാം.

സ്നേഹകഥകളെക്കുറിച്ചു ചിന്തിക്കുമ്പോൾ, നിങ്ങളുടെ മനസ്സി ലേക്കു ഒരു രക്ഷകർത്താവിനു തന്റെ കുട്ടിയോടുള്ള സ്നേഹത്തെ കാണാം. കൊറിയയിൽ നിന്നു ഒരു കൃഷിക്കാരിയായ അമ്മയും കുഞ്ഞും കടുത്ത ശൈത്യകാറ്റിൽ അകപ്പെടുന്ന കഥയുണ്ട്. തന്റെ കുട്ടിയെ എങ്ങനെയെങ്കിലും രക്ഷിക്കണം എന്നു കരുതി ആ അമ്മ തന്റെ കട്ടിയുള്ള വസ്ത്രം അഴിച്ചു കുട്ടിയെ പുതപ്പിച്ചു. അടുത്ത ദിവസം ഒരു മരവിച്ച ശരീരവും, കുട്ടി ചൂടോടെ കിടന്നു കരയുന്ന ശബ്ദവും ആളുകൾ കേട്ടു. അവൻ വളർന്നു വലുതായപ്പോൾ തന്റെ അമ്മയുടെ ത്യാഗവും സ്നേഹവും അവൻ എല്ലാവരോടും പറയുമാ യിരുന്നു. ഷർട്ടോ, കോട്ടോ ഇല്ലാതെ അവന്റെ അമ്മയുടെ കല്ലറയിൽ, ഒരു ശൈത്യ ദിവസത്തിൽ അവനെ കാണുകയുണ്ടായി. അവൻ വീണ്ടും വീണ്ടും ചോദിക്കുവാൻ തുടങ്ങി, “ഈ തണുപ്പിൽ, ഇങ്ങനെ ആണോ അമ്മേ എനിക്കു വേണ്ടി സഹിച്ചത്?”

വലിയ സ്നേഹത്തെ പ്രദർശിപ്പിച്ച ഇതുപോലെയുള്ള സംഭവങ്ങൾ നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കും. എങ്ങനെയായാലും, എല്ലാകാല ത്തേയും പ്രേമകഥകളിൽ നിന്നു, വലുതായ ഒന്നാണ് യോഹന്നാൻ 19 ലേത്. അതു നമ്മുടെ ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്ന സംഭവമാണ്; അതു ക്രൂശിന്റെ കഥയാണ്.

## ക്രൂശ് ഒരു പ്രേമകഥയായി

ക്രൂശിനെ ഒരു പ്രേമകഥയായി പറയുന്നതു പുതുതായിട്ടല്ല. ദൈവത്തിന്റെ അന്തിമസ്നേഹം പ്രദർശിപ്പിക്കുന്നതാണ് ക്രൂശ് എന്നു യോഹന്നാൻ അസംഖ്യം പ്രാവശ്യം പറഞ്ഞിട്ടുണ്ട്:

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (3:16).
>
> പെസഹ പെരുന്നാളിനുമുമ്പേ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു (13:1).
>
> "ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം ഉള്ള സ്നേഹം ആർക്കും ഇല്ല" (15:12, 13).

ക്രൂശിനെക്കുറിച്ചു പല വിശദീകരണങ്ങളും നടത്താം. യോഹന്നാന്റെ സുവിശേഷത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നതു അതു ദൈവത്തിന്റെ അന്തിമ സ്നേഹം പ്രദർശിപ്പിക്കുന്നതായിട്ടാണ്.

ഹന്നാവിന്റെയും, കയ്യഫാവിന്റെയും, പിലാത്തൊസിന്റെയും അടുക്കലുള്ള യേശുവിന്റെ വിചാരണക്കുശേഷം യെഹൂദന്മാർ യേശുവിനെ ക്രൂശിച്ചു. ക്രൂശ് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമാണെങ്കിലും, വാസ്തവത്തിലുള്ള സംഭവം ഏതാനും വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

> അവർ യേശുവിനെ കയ്യേറ്റു, അവൻ താൻ തന്നെ ക്രൂശിനെ ചുമന്നുകൊണ്ടു എബ്രായ ഭാഷയിൽ ഗൊൽഗ്ഗോഥാ എന്നുപേരുള്ള തലയോടിടം എന്ന സ്ഥലത്തേക്കുപോയി. അവിടെ അവർ അവനെയും അവനോടുകൂടെ വേറെ രണ്ട് ആളുകളേയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ നടുവിലുമായി ക്രൂശിച്ചു (19:17, 18).

വാസ്തവത്തിൽ, നാല് സുവിശേഷ എഴുത്തുകാരിൽ ആരും തന്നെ യേശുവിനെ ക്രൂശിക്കുന്നതിന്റെ ഭൗതികമായ പല വിശദാംശങ്ങളും നൽകുന്നില്ല. "അവിടെ അവർ അവനെ ക്രൂശിച്ചു" എന്ന് നിസ്സാരമായ വാക്കുകളിൽ പല മനോഹരമായ അർത്ഥങ്ങളും അടങ്ങുന്നു. യേശു ദൈവപുത്രനെന്ന് വിശ്വസിക്കുന്ന ഒരാൾക്ക് (അതാ വീണ്ടും ആ വാക്ക്!) ആഴമായ വിധത്തിൽ സ്പർശിക്കാതെ വായിക്കാൻ സാധ്യമല്ല. അതുപോലെ ശക്തമാണ് യോഹന്നാന്റെ "അവർ അവനെ ക്രൂശിച്ചു" എന്ന പ്രസ്താവന.

അടുത്തത്, യേശുവിന്റെ തലയിൽ ഒരു മേലെഴുത്ത് എഴുതുവാൻ പിലാത്തൊസ് കല്പിക്കുന്നതായി യോഹന്നാൻ പറഞ്ഞു. അതു വായിക്കുന്നത്, "നസ്രായനായ യേശു, യെഹൂദന്മാരുടെ രാജാവ്" (19:19). ഈ വിസ്മയ പ്രസ്താവന എബ്രായ ഭാഷയിലാണ് എഴുതിയത്. (യെഹൂദന്മാരുടെ ഭാഷ), ലാറ്റിൻ (റോമാക്കാരുടെ ഭാഷ), ഗ്രീക്ക് (അന്നത്തെ പൊതുവായ ഔദ്യോഗിക ഭാഷ). തീർച്ചയായും യേശുവിന്റെ മരണത്തിന് ഉത്തരവാദികളായ മഹാപുരോഹിതന്മാർക്ക് ഇതു ഭയങ്കര എതിരായിരുന്നു. അവർ ആ എഴുത്ത് വായിക്കുവാനാഗ്രഹിച്ചത്, "ഈ മനുഷ്യൻ യെഹൂദന്മാരുടെ രാജാവാകുന്നു എന്നു പറയുന്നു" എന്നാണ്. പിലാത്തൊസ് ആ വ്യക്തിത്വത്തിന് ശക്തിപകരാനോ അല്ലെങ്കിൽ ഇടർച്ച വരുത്തുവാനോ തുനിയാതെ, പറഞ്ഞു, "ഞാൻ എഴുതിയത് എഴുതി" (19:22).

ക്രൂശിന്മേലുള്ള മേലെഴുത്ത് യോഹന്നാന്റെ സുവിശേഷം വായിക്കുന്ന ഒരാൾക്ക് താൻ അറിയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കുന്നു. നാം ഇത് കയ്യഫാവ് യെഹൂദ ന്യായാധിപ സഭയോട് "നിങ്ങളൊന്നും അറിയുന്നില്ല, ജനം മുഴുവനും നശിച്ചുപോകാതവണ്ണം ഒരു മനുഷ്യനും ജാതിക്കുവേണ്ടി മരിക്കുന്നത് നന്നു എന്ന് ഓർക്കുന്നതുമില്ല എന്നുപറഞ്ഞതു" നാം കണ്ടതാണ് (11:49, 50). യോഹന്നാൻ വിശദീകരിച്ചുകൊണ്ടിരുന്നു,

> അവൻ ഇതു സ്വയമായി പറഞ്ഞതല്ല; താൻ ആ സംവത്സരത്തെ മഹാപുരോഹിതൻ ആകയാൽ ജനത്തിനു വേണ്ടി യേശു മരിപ്പാൻ ഇരിക്കുന്നു എന്നു പ്രവചിച്ചതത്രേ. ജനത്തിനു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേർക്കേണ്ടതിന്നും തന്നെ (11:51, 52).

ക്രൂശിലെ യേശുവിന്റെ തലയ്ക്കൽ മേലെഴുത്ത് എഴുതുവാൻ പറഞ്ഞതിന്റെ പ്രാധാന്യം പിലാത്തൊസ് വിചാരിച്ചതിലും അധികമായിരുന്നു.

യേശുവിനെ ക്രൂശിൽ തറയ്ക്കുവാൻ കൊണ്ടുപോയ പടയാളികൾ തങ്ങൾക്ക് മടുപ്പുളവാക്കിയ പ്രവൃത്തിയായിരുന്നു. ഒരിക്കൽ ഒരു വ്യക്തിയെ ക്രൂശിൽ വച്ചുകഴിഞ്ഞാൽ ക്രൂശ് ഉയർത്തുകയും, പിന്നെ ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് ആ വ്യക്തി മരിക്കുന്നത് നോക്കി നിൽക്കും. സമയം കളയുന്നതിനും കുറച്ച് അധിക പണമുണ്ടാക്കുന്നതിനും, അവർ ക്രൂശിച്ച വ്യക്തിയുടെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കും. യേശുവിന്റെ കാര്യത്തിലും അവർ അങ്ങനെ ചെയ്തു, അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിക്കുകയും അവന്റെ അങ്കി കീറാതെ ആർക്കുകിട്ടുമെന്നറിയാൻ ചീട്ട് ഇടുകയും ചെയ്തു.

ക്രൂശിക്കൽ മരണശിക്ഷയ്ക്കുള്ള വെറുമൊരു മാർഗ്ഗമായിരുന്നില്ല, അത് അന്തിമമായി തരംതാഴ്ത്തുന്നതും ലജ്ജിപ്പിക്കുന്നതും ആയിരുന്നു. ആ നിന്ദ്യമായ കാഴ്ച്ച എല്ലാവരും കാണേണ്ടതിന് എല്ലായ്പ്പോഴുമത് ആളുകൾ നടന്നുപോകുന്ന പരസ്യമായ സ്ഥലത്താണ് ചെയ്തിരുന്നത്.മരിക്കുന്ന വ്യക്തി എന്തുകുറ്റം ചെയ്തിരുന്നാലും അവനെ പരിഹാസ്യമാക്കുക എന്നതായിരുന്നു റോമാക്കാരുടെ ഉദ്ദേശം. റോമാ പൗര

ന്മാരെ തൂക്കിക്കൊന്നിരുന്നില്ല; ഇത്തരം ശിക്ഷാവിധി ദാസന്മാർക്കും, വിദേശികൾക്കും താഴ്ന്ന നിലവാരത്തിലുള്ള ആളുകൾക്കും ഉള്ളതായിരുന്നു. പലപ്പോഴും അവരെ നഗ്നരായിട്ടാണ് ക്രൂശിക്കയും അവരുടെ ശരീരങ്ങൾ ആഴ്ച്ചകളോളം ക്രൂശിൽ നിർത്തുകയും, അങ്ങനെ ആ കാഴ്ച്ച കൂടുതൽ ദുഃഖിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതും ആയിരുന്നു. പടയാളികൾ വസ്ത്രം പകുത്തെടുത്തു എന്ന് യോഹന്നാൻ രേഖപ്പെടുത്തിയപ്പോൾ, ക്രൂശിക്കലിനാൽ ഉളവാകുന്ന തരംതാഴ്ത്തലും നിന്ദയും ഓർപ്പിക്കുകയാണ് - യേശു സഹിച്ച തരം താഴ്ത്തൽ നമുക്കെല്ലാവർക്കും വേണ്ടിയായിരുന്നു!

പിന്നീട് യോഹന്നാൻ വിവരിക്കുന്നത് ക്രൂശിനരികിൽ നിന്ന സ്ത്രീകളെയാണ്. ഒരാൾ, യേശുവിന്റെ അമ്മ മറിയ ആയിരുന്നു. അത്തരം ഒരു മരണം തന്റെ മകന് സംഭവിച്ച ഒരമ്മയുടെ കാഴ്ച്ച ഊഹിക്കാൻ പോലും പ്രയാസമുള്ളതാണ്, യേശു തന്റെ അമ്മയുടെ ആവശ്യങ്ങൾ കാണുവാനും, ശുശ്രൂഷിപ്പാനും കഴിവുള്ളവൻ ആയിരുന്നു. യേശുവിന്റെ യൗവ്വനത്തിൽ യോസേഫ് മരിച്ചുപോയിരുന്നതിനാൽ, മറിയക്ക് സ്വയമായി ജീവിക്കുക പ്രയാസമായിരുന്നുവെന്നും യേശുവിനറിയാമായിരുന്നു. അവൻ ക്രൂശിൽ നിന്ന് നോക്കിയപ്പോൾ, താൻ "സ്നേഹിച്ച ശിഷ്യനെ" യേശു കണ്ടു (സ്പഷ്ടമായും യോഹന്നാൻ) മറിയയോടു പറഞ്ഞു, "സ്ത്രീയേ, ഇതാ, നിന്റെ മകൻ!" (19:26) പിന്നെ അവൻ യോഹന്നാനോട്, "ഇതാ, നിന്റെ അമ്മ!" (19:27). അവനർത്ഥമാക്കിയത് ഇരുവർക്കും മനസ്സിലായി; യോഹന്നാൻ മറിയയെ തന്റെ സ്വന്ത അമ്മയെപ്പോലെ കരുതേണ്ട ഉത്തരവാദിത്വമായിരുന്നു അത്, അന്നുമുതൽ യോഹന്നാന്റെ വീട്ടിലേക്ക് മറിയ പോകുകയും ചെയ്തു.

മറിയയോടുള്ള അവന്റെ വാക്കുകൾ യോഹന്നാൻ പറയുമ്പോൾ, യേശുവിന്റെ സ്നേഹത്തിന്റെ പരിശുദ്ധിയും ശക്തിയും ആണ് വെളിപ്പെടുത്തുന്നത്. കഷ്ടത നമ്മെ സ്വയം - കേന്ദ്രീകൃത മനോഭാവത്തിലെത്തിക്കും. നമുക്കു വേദന അനുഭവപ്പെടുമ്പോൾ, മറ്റാരെക്കുറിച്ചോ അല്ലെങ്കിൽ മറ്റെന്തിനെയെങ്കിലും കുറിച്ചോ ചിന്തിക്കുവാൻ കഴിയുകയില്ല. താൻ ക്രൂശിൽ മരിക്കുവാൻ പോകുമ്പോൾ അവൻ തന്റെ അമ്മയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതു ശ്രദ്ധേയമായ വസ്തുതയാണ്.

ഈ സംഭവങ്ങൾക്കുശേഷം, ക്രൂശിൽ തറക്കുന്നത് പെട്ടെന്നു അവസാനിക്കുന്നു. തന്റെ പ്രവൃത്തി തികച്ചു എന്നു യേശു അറിഞ്ഞു. അവൻ പിന്നെ പറഞ്ഞു, "എനിക്കു ദാഹിക്കുന്നു" (19:28), ആരോ അവനു പുളിച്ച വീഞ്ഞുകൊടുത്തു. ഒരിക്കൽകൂടെ, യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ മനുഷ്യത്വത്തെ ഊന്നൽ കൊടുത്തു പറഞ്ഞിരിക്കുന്നു. വിശപ്പും ക്ഷീണവും എന്തെന്നു അവൻ അറിഞ്ഞിരുന്നു (4:6); ആഴത്തിൽ ഹൃദയം നൊന്തു കലങ്ങുന്നതും കാണാം (11:33). നമ്മുടെ മനുഷ്യസ്വഭാവം പൂർണ്ണമായും യേശു മനസ്സിലാക്കിയെന്നതാണ്, "എനിക്കു ദാഹിക്കുന്നു" എന്നു യേശു പറഞ്ഞതു വ്യക്തമാക്കുന്നത്.

പിന്നെ യേശു ക്രൂശിൽ തന്റെ അവസാനവാക്കുകൾ ഉച്ചരിച്ചു: "നിവൃത്തിയായി എന്നു പറഞ്ഞു!" (19:30). അതോടുകൂടി "അവൻ

തല ചായ്ച്ചു, ആത്മാവിനെ ഏല്പിച്ചുകൊടുത്തു." തന്റെ ജീവിതത്തിൽ അവൻ പദ്ധതിയാണ് നടപ്പിലാക്കിയത്, അവസാനം അവൻ അതു പൂർത്തിയാക്കി. അവന്റെ മരണം യാദൃശ്ചികമായിരുന്നില്ല, അവന്റെ ജീവൻ ആരും അവനിൽ നിന്നു പിടിച്ചു പറിച്ചുമില്ല. നമ്മുടെ പാപ മോചനത്തിനായുള്ള ദൈവപദ്ധതിക്കായി അവൻ തന്റെ ജീവൻ സ്വ യമായി അർപ്പിച്ചതാണ്!

## തീരുമാനത്തിനുള്ള ആഹ്വാനമാണ് ക്രൂശ്

യേശു ക്രൂശിൽ മരിച്ചതുകൊണ്ടു നാം എന്തുചെയ്യണം? നാം അതു മോശമായിപോയി എന്നു കരുതിയിരിക്കണോ? നാം സന്തോഷി ക്കണോ? നാം എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ?

യോഹന്നാന്റെ സുവിശേഷം മുഴുവനും, നമ്മെ ആളുകളുടെ കഥ കൾ കാണുവാനും, കേൾക്കുവാനും, യേശുവുമായി ആശയവിനിമ യത്തിനു നമ്മെ വിളിക്കുന്നതാണ് കാണുന്നത്. അവ അവരുടെ കഥ കളായി കാണുവാനല്ല ഉദ്ദേശിച്ചത്; അവ *നമ്മുടെ* കഥകളുമാണ്. ഈ സുവിശേഷം, അവരുടെ യേശുവിലുള്ള *വിശ്വാസം* മാത്രമല്ല; അതു *നമ്മുടെ* വിശ്വാസം കൂടെയാണ്. യേശുവിന്റെ മരണത്തെ വിവരിച്ച ഉടനെ യോഹന്നാൻ ഇതു നമ്മെ ഓർപ്പിക്കുന്നു: "ഇതു കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു, അവന്റെ സാക്ഷ്യം സത്യം ആകുന്നു; നിങ്ങളും വിശ്വസിക്കേണ്ടതിന്നു താൻ സത്യം പറയുന്നു എന്നു അവൻ അറിയുന്നു" (19:35). വീണ്ടും, നാം "വിശ്വാസം" എന്ന ചോദ്യം കാണു ന്നു. സമ്മർദ്ദത്തിനിരയായവരുടെ ഉദാഹരണമായി പത്രൊസിനെയും പിലാത്തൊസിനെയും യോഹന്നാൻ നമുക്കു കാണിച്ചുതരുന്നു. അതിനു വിപരീതമായി, അവന്റെ മരണശേഷം ഉടനെ ധൈര്യത്തോടെ യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ രണ്ടുദാഹരണങ്ങളേയും യോഹന്നാൻ നല്കുന്നുണ്ട്.

അരിമഥ്യക്കാരനായിരുന്ന യോസേഫ് യേശുവിന്റെ ശിഷ്യനായി രുന്നു, എന്നാൽ യെഹൂദപ്രമാണികളെ ഭയന്നു അവൻ അതു രഹസ്യ മാക്കി വെച്ചിരുന്നു. യേശു മരിച്ചപ്പോൾ, യോസേഫ് പിലാത്തൊസിന്റെ അടുക്കൽ പോകയും അവന്റെ ശരീരം അടക്കം ചെയ്യുവാൻ ആവശ്യ പ്പെടുകയും ചെയ്തു. ഇതു യേശുവിന്റെ അനുഗാമിയായി തിരിച്ചറി യുവാൻ ഭയപ്പെട്ട ഒരു "രഹസ്യ" ശിഷ്യന്റെ പ്രവൃത്തിയായിരുന്നില്ല![1]

യേശുവിന്റെ ശരീരം അടക്കം ചെയ്യുവാൻ യോസേഫിനെ സഹാ യിച്ചതു മറ്റാരുമായിരുന്നില്ല, നിക്കൊദെമോസ് ആയിരുന്നു. "അവൻ ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്നിരുന്നു" (19:39). അദ്ധ്യായം 3-ൽ യേശു അവനോടു പുതിയ ജനനത്തെക്കുറിച്ചു പറഞ്ഞതു നാം കണ്ടുകഴിഞ്ഞു. നാം അവനെ 7:50–52 ലും കാണുന്നുണ്ട്, അവന്റെ യേശുവിലുള്ള വിശ്വാസം "പരസ്യ" മായിരുന്നില്ല. ഈ സമയത്തു, എങ്ങനെയായാലും, മനുഷ്യചരിത്രത്തിലെ ഇരുണ്ട നാഴികകളിൽ, യേശുവിന്റെ മരണത്തിനും ഉയിർപ്പിനും ഇടയിൽ നാം അവനെ കാണു ന്നു. ഇവിടെ അവൻ ധൈര്യമായ, തീരുമാനം, ഉറച്ച വിശ്വാസത്തോടെ

എടുക്കുന്നു. യോസേഫും നിക്കൊദേമൊസും അവന്റെ ശരീരം അട ക്കുന്നതിനുള്ള ഏർപ്പാട് ചെയ്തു, ശരീരം ഒരു കല്ലറയിൽ അടക്കി.

**ഉപസംഹാരം**

ഇല്ലാതാകുന്ന വിനോദത്തിനുവേണ്ടിയല്ല യേശുവിന്റെ കഥ പറ ഞ്ഞത്. അതു കേൾക്കുന്നവരുടെ ഹൃദയങ്ങളിൽ ജീവനുള്ള ജീവിതം – മാറുന്ന വിശ്വാസം ഉണ്ടാകേണ്ടതിനാണ്. കേട്ടു മറക്കാവുന്ന ഒന്നല്ല ക്രൂശ്. അതിനു ഒരു പ്രതികരണം ആവശ്യമാണ്. യോഹന്നാന്റെ ചോദ്യം ഒഴിഞ്ഞുമാറാവുന്ന ഒന്നല്ല; നിങ്ങൾ വിശ്വസിക്കുന്ന വ്യക്തി യായി തീർന്നു, നിങ്ങൾക്കുവേണ്ടി മരിച്ച വ്യക്തിയോടൊപ്പം നിങ്ങൾ തിരിച്ചറിയുവാൻ ആഗ്രഹിക്കുന്നുണ്ടോ? യേശു നിങ്ങൾക്കു വേണ്ടി യാണ് മരിച്ചത്. നിങ്ങൾ അതിനു എന്തു ചെയ്യാൻ പോകുന്നു?

---

കുറിപ്പ്

[1]മർക്കൊസ് 15:43 സൂചിപ്പിക്കുന്നു യോസേഫ്, ധനവാനും യെഹൂദ ന്യായാ ധിപ സഭയിലെ അംഗവും **"ധൈര്യം സംഭരിച്ച"** യേശുവിന്റെ ശരീരം പിലാത്തൊ സിനോടു ചോദിച്ചു.

© 2009 Truth for Today

## യെഹൂദന്മാരുടെ വാർഷിക പെരുന്നാളുകൾ ഉദ്ദേശറോമാ മാസം

ഉദ്ദേശ റോമാമാസം

| ജനു | ഫെ/മാ | എപ്രിൽ | മെയ്/ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം/ഒക് | നവ | ഡിസം |
|---|---|---|---|---|---|---|---|---|
| | (1) പുരിം പെരുന്നാൾ [2 ദിവസം] | (2) പെസഹ [1 ദിവസം] പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ [1 ആഴ്ച്ച] | (3) പെന്തെക്കോസ്തു (വാരോത്സവം അല്ലെങ്കിൽ ആദ്യഫല പെരുന്നാൾ) [1 ദിവസം] | | | (4) കൂടാരപെരുന്നാൾ പാളയം (അല്ലെങ്കിൽ ശേഖരം) [1 ആഴ്ച്ച]<br>(5) കാഹള പെരുന്നാൾ [1 ദിവസം] | | (6) പ്രതിഷ്ഠോൽസവം (അല്ലെങ്കിൽ വെളിച്ചങ്ങൾ) [8 ദിവസം] |

എന്താണ് ഓരോന്നും ഓർപ്പിക്കുന്നത്: (1) എസ്ഥേർ രാജ്ഞി യെഹൂദന്മാരെ മോചിപ്പിച്ചത്; (2) മരണം കടന്നുപോയതും മിസ്രയിമിൽ നിന്നും അവരെ വിടുവിച്ചു കൊണ്ടുവന്നതും; (3) മോശെക്കു സിനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം നല്കിയത്; (4) മരുഭൂമിയിലെ ജീവിതം; (5) അമാവാസിദിനം; (6) പുറജാതിക്കാരിൽ നിന്നു ദൈവാലയം പിടിച്ചെടുത്തശേഷം പുനഃപ്രതിഷ്ഠ നടത്തിയത്.

ഈ മൂന്നുപെരുന്നാളുകളും – പെസഹ, കൂടാര പെരുന്നാൾ, പ്രതിഷ്ഠോൽസവം – യോഹന്നാന്റെ സുവിശേഷത്തിൽ കാണാം.



© 2009 Truth for Today